മലയാള മനോരമ

06 November 2025




ആഗോള മറൈൻ സിംപോസിയത്തിന്റെ ഭാഗമായി കൊച്ചി സിഎംഎഫ്ആർഐയിൽ സംഘടിപ്പിച്ച വ്യവസായ സംഗമത്തിൽ സിഫ്റ്റ് ഡയറക്ടർ ഡോ ജോർജ് നൈനാൻ സംസാരിക്കുന്നു. ഡോ.എസ്.കന്തൻ, എ.ജെ.തരകൻ, ഡോ.ഗ്രിൻസൺ ജോർജ് എന്നിവർ സമീപം

# ‘പകരംതീരുവ പ്രതിസന്ധി മറികടക്കാൻ മൂല്യവർധനയ്ക്ക് ഊന്നൽ നൽകണം’

കൊച്ചി● യുഎസ് ഏർപ്പെടുത്തിയ പകരം തീരുവ സമുദ്രോൽപന്ന കയറ്റുമതി രംഗത്തു സൃഷ്ടിച്ച പ്രതിസന്ധി മറികടക്കാൻ മൂല്യവർധനയ്ക്കും വിപണി വൈവിധ്യവൽക്കരണത്തിനും ഊന്നൽ നൽകണമെന്ന് ആഗോള മറൈൻ സിംപോസിയത്തിൽ നടന്ന വ്യവസായ സംഗമം അഭിപ്രായപ്പെട്ടു.

സമുദ്രോൽപന്നങ്ങൾ റെഡി ടു ഈറ്റ് രൂപത്തിൽ മൂല്യവർധിത ഉൽപന്നങ്ങളാക്കി കയറ്റുമതി ചെയ്യണം.

ബ്രെഡഡ് സ്ക്വിഡ് റിങ്ങുകൾ, സുരിമി ഉൽപന്നങ്ങൾ, ഫിഷ് ഫില്ലറ്റുകൾ എന്നിങ്ങനെ മൂല്യവർധിത ഉൽപന്ന സാധ്യതകൾ വിനിയോഗിക്കണമെന്നു യോഗം വിലയിരുത്തി.

സിഫ്റ്റ് ഡയറക്ടർ ഡോ ജോർജ് നൈനാൻ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, എ.ജെ.തരകൻ, എംപിഇഡിഎ ഡയറക്ടർ ഡോ. റാം മോഹൻ, ജോയിന്റ് ഡയറക്ടർ അനിൽകുമാർ, ഡോ. ജോ കിഴക്കൂടൻ തുടങ്ങിയവർ പ്രസംഗിച്ചു.

മത്സ്യകർഷകർ, മത്സ്യത്തൊഴിലാളികൾ, കയറ്റുമതി, ഫിഷ് മീൽ, അക്വാ ഫീഡ്, സാഹസിക കായിക വിനോദം, തീരദേശ ഇക്കോടൂറിസം മേഖലകളിലെ പ്രതിനിധികൾ സംഗമത്തിൽ പങ്കെടുത്തു.